**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4176** **03-03-2023 - ൽ മറുപടിയ്ക്ക്**

**കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ കോഴി അറവ് മാലിന്യ സംസ്കരണ പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കോഴി അറവ് മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നുള്ള ദുർഗന്ധവും പുകയും പ്രദേശത്തെ ജന ജീവിതത്തെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പ്രദേശവാസികളുടെ പരാതിയിൻമേൽ എന്ത് നടപടിയാണ് ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .<br><br>കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫ്രഷ് കട്ട് ഓർഗാനിക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന കോഴി അറവ് മാലിന്യ സംസ്കരണ പ്ലാന്റിനെ സംബന്ധിച്ച് പ്രദേശവാസികളിൽ നിന്നും പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രശ്ന പരിഹാരം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് സ്ഥാപനത്തിന് കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ നിന്നും നോട്ടീസ് നൽകുകയും. ജനപ്രതിനിധികളുടെയും പൊതു പ്രവർത്തകരുടേയും സാനിധ്യത്തിൽ മധ്യസ്ഥ ശ്രമങ്ങൾ നടത്തുകയും 26.09.2022 ന് നടന്ന DLFMC യോഗത്തിൽ വിഷയം ചർച്ച ചെയ്യുകയും 29.10.2022 യൂണിറ്റിൽ DLFMC സംയുക്ത സമിതി അംഗങ്ങൾ പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ ബോർഡ് മുൻ പരിശോധനകൾ പ്രകാരം നിർദ്ദേശിച്ചതായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഒട്ടുമിക്കതും പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട് എന്ന് വിലയിരുത്തി. ശുദ്ധീകരിച്ച മലിനജല സാമ്പിൾ പരിശോധിച്ചതിൽ നല്ല ഗുണനിലവാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ടിൽ സ്ഥാപനത്തിന്റെ ETP യും BIO Filter ഉം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നും സ്ഥാപനത്തിന്റെ സമീപ പ്രദേശങ്ങളിൽ രൂക്ഷഗന്ധം അനുഭവപ്പെട്ടു എന്നും ബയോഫിൽട്ടറിന്റെ Suction Duct എല്ലാം ദ്രവിച്ച അവസ്ഥയിലാണെന്നും അപാകതകൾ എല്ലാം പരിഹരിച്ച് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ റിപ്പോർട്ട് ചെയ്യാനും സ്ഥാപനത്തിലെ സാങ്കേതിക സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരവും നിയമാനുസൃതവുമാണെന്നുള്ള രേഖ |

| | | | |
|---|---|---|---|
| | | | **ഗ്രാമപഞ്ചായത്ത് ഓഫീസിൽ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ട്** |
| (ബി) | ഇത് സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡിനും ജില്ലാ കലക്ടർക്കും പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (ബി) | പരാതി ലഭിച്ചിട്ടുണ്ട് |
| (സി) | പ്രസ്തുത സ്വകാര്യ കോഴി മാലിന്യ സംസ്കരണ പ്ലാന്റിൽ എത്ര അളവിൽ മാലിന്യം സംസ്കരിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | പ്രതിദിനം 30,000 കി .ഗ്രാം ചിക്കൻ മാലിന്യം സംസ്കരിക്കുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത് |
| (ഡി) | നിലവിൽ ഈ പ്ലാന്റിൽ എത്ര അളവിൽ മാലിന്യം സംസ്കരിക്കുന്നുണ്ടെന്ന് ഏതെങ്കിലും വകുപ്പ് പരിശോധന നടത്താറുണ്ടോ എന്ന് വിശദമാക്കുമോ? | (ഡി) | പ്രസ്തുത പ്ലാന്റിൽ മാലിന്യ സംസ്കരണത്തിന്റെ അളവ് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് തലത്തിൽ പരിശോധന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ